**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **04-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ. യും ഐ.ടി. വിദഗ്ധനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനങ്ങളുമായി സംവദിക്കുന്നതിനായി പി.ആർ.ഒ. മാരെയും ജനങ്ങൾക്ക് ഓൺലൈൻ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ഐ.ടി. വിദഗ്ധൻമാരെയും നിയമിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനങ്ങളുമായി സംവദിക്കുന്നതിനായി SCPO/ASI റാങ്കിലുള്ള ഉദ്യോഗസ്ഥരെ PRO ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകൾ മുഖേന എന്തൊക്കെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ എന്നിവരുടെ പരാതികളും, ആവശ്യങ്ങളും പ്രത്യേകം പരിഗണിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ വളരെ വേഗത്തിൽ ലഭ്യമാക്കാനും PRO മാരുടെ മാന്യവും, സൗമ്യവുമായ ഇടപെടലുകൾമൂലം അവർക്ക് സുരക്ഷിതത്വബോധം നൽകുവാനും സാധിക്കുന്നു. |
| (സി) | ഇതിനായി വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കാനാണോ നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സേവനം നൽകുന്നതിനാണോ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ഇതിനായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (ഡി) | നിലവിലുള്ള ഉദ്യോഗസ്ഥരെ ഇതിനായി ഉപയോഗപ്പെടുത്തുമ്പോൾ പോലീസ് സ്റ്റേഷനുകളിലെ മറ്റ് പോലീസുകാരുടെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇതുമൂലം പോലീസ് സ്റ്റേഷനിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ